<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 947</u> <u>12-06-2024 - ൽ മറുപടിയ്ക്ക്</u>

<u>വൈദ്യുതിവേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷൻ, സൈലൻറ് വാലി ഡിവിഷൻ എന്നിവയുടെ പരിധിയിലുള്ള വന്യമൃഗ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ തടയുന്നതിന് നിലവിൽ എത്ര കിലോമീറ്റർ വൈദ്യുതിവേലി സ്ഥാപിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷൻ, സൈലന്റ്‌വാലി വൈൽഡ്‌ലൈഫ് ഡിവിഷൻ എന്നിവയുടെ പരിധിയിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിന്റെ വിവരം ചുവടെ ചേർക്കുന്നു.<br>1. മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷൻ - 98.40 കി.മീ.<br>2. സൈലന്റ് വാലി വൈൽഡ്‌ലൈഫ് ഡിവിഷൻ - 52.115 കി.മീ. |
| (ബി) | പ്രസ്തുത വൈദ്യുതി വേലികൾ സംരക്ഷിക്കുന്നതിന് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ദിവസ വേതന വാച്ചർമാരെ നിയോഗിച്ച് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി സോളാർ ഫെൻസ് സംരക്ഷിച്ചുവരുന്നു. കോട്ടോപ്പാടം ഗ്രാമ പഞ്ചായത്ത് സോളാർ ഫെൻസ് സംരക്ഷിക്കുന്നതിലേക്കായി പഞ്ചായത്ത് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി 7,74,776/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി തുക നിലവിൽ ടി പ്രദേശത്ത് നടന്നുവരുന്ന ഫെൻസിംഗ് പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് ആയതിന്റെ പരിചരണ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിന് സാധിക്കുന്നതാണ്. |
| (സി) | മണ്ണാർക്കാട്ടെ വനമേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലും അട്ടപ്പാടിയിലും രൂക്ഷമായ കാട്ടാനശല്യം തടയുന്നതിന് വൈദ്യുതിവേലി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം വനം വകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുണ്ടോ, എങ്കിൽ ഇതിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ വനമേഖലയോട് ചേർന്ന് വന്യമൃഗ സാന്നിധ്യം കൂടുതലുള്ള സ്ഥലങ്ങളിൽ സോളാർ ഫെൻസ് സ്ഥാപിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ NABARD സ്കീമിൽ 80 കി.മീ ഹാംഗിങ്ങ് സോളാർ ഫെൻസ് നിർമ്മിക്കുന്നതിനുള്ള അനുമതി ലഭ്യമായതിനാൽ 65 കി.മീ. പ്രവൃത്തികൾക്കുള്ള എഗ്രിമെന്റ് പൂർത്തിയാക്കിയിട്ടുള്ളതും ആയതിൽ അഗളി, മണ്ണാർക്കാട് റെയ്ഞ്ചുകളിലായി 30 കി.മീ. ഹാംഗിങ്ങ് ഫെൻസ് പ്രവൃത്തി പൂർത്തിയായി വരുന്നതുമാണ്. ബാക്കിയുള്ളതിൽ 15 കി.മീ. ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രദേശങ്ങളിൽ അടിയന്തരമായി വൈദ്യുതിവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നബാർഡ് സ്കീമിൽ 2024-25 സാമ്പത്തിക വർഷത്തിൽ അനുമതി ലഭിച്ചതിൽ നിർമ്മിക്കുവാൻ ബാക്കിയുള്ള 15 കി.മീ. ഹാംഗിങ്ങ് സോളാർ ഫെൻസിംഗിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ